

ടിനി ഫിലിപ്പ്

# അഞ്ചാം തരംഗം ബൂസ്റ്റർ ഡോസ് തന്നെ പ്രതിവിധി

**ബൂസ്റ്റർ ഡോസ് നൽകിയ ഇസ്രായേലിൽ പുതിയ കോവിഡ് കേസുകളുടെ എണ്ണം കുറഞ്ഞുവെന്നത് ഇന്ത്യയടക്കം ശ്രദ്ധിക്കേണ്ട കാര്യമാണ്**

ഡെൽറ്റ നയിക്കുന്ന കോവിഡ് 19 ന്റെ അഞ്ചാം തരംഗം പ്രതിദിന കണക്കുകളിൽ നാലാം തരംഗത്തെ മറികടക്കുകയാണ്. ഫിഗർ 1 കാണുക.

*Figure 1: Daily Global New Confirmed Covid-19 Cases (7-day moving average)*




ഫിഗർ ഒന്നിൽ കാണുന്നതു പോലെ 18 മാസങ്ങൾക്ക് മുമ്പ് തുടങ്ങിയതു മുതൽ ഈ പകർച്ചവ്യാധിയുടെ വിവിധ തരംഗങ്ങളെ നമ്മൾ നേരിട്ടു. ഓരോ പുതിയ തരംഗത്തിലും ആഗോളതലത്തിൽ മരണനിരക്ക് കുറഞ്ഞു വരുന്നു എന്നതാണ് നല്ല വാർത്ത. ഫിഗർ രണ്ടിൽ കാണുന്നതു പോലെ കോവിഡ് പടർന്നു തുടങ്ങിയതു മുതലുള്ള ഏറ്റവും കുറഞ്ഞ മരണനിരക്കാണ് ഇപ്പോഴുള്ളത്.

*Figure 2- Daily Global Mortality Rate (7-day moving average, %)*

ലോകമെമ്പാടും നടന്ന വൻതോതിലുള്ള വാക്സിനേഷൻ നടപടികളുടെ ഫലമായാണ് മരണനിരക്കിൽ



കുറവുണ്ടായതെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതുവരെ ഏകദേശം 8 ശതകോടി വാക്സിൻ ഡോസുകളാണ് ലോകമെമ്പാടും വിതരണം ചെയ്തത്. ഫിഗർ 3 കാണുക.

*Figure 3: Total Number of Covid-19 Vaccines administered Worldwide (billions)*



മുൻ തരംഗങ്ങളിൽ നിന്ന് വ്യത്യസ്തമായി അഞ്ചാം തരംഗം പ്രധാനമായും യൂറോപ്യൻ പ്രതിഭാസമാണെന്നതാണ് കൗതുകകരമായ കാര്യം. ഫിഗർ നാലിൽ കാണുന്നതു പോലെ അത് ഇപ്പോൾ ലോകത്തെ എല്ലാ ഭാഗങ്ങളിലും വ്യാപിച്ചിട്ടുണ്ട്.

*Figure 4: Daily New Confirmed Covid-19 Cases by Region*




## എന്താണ് ഇതിന് കാരണം?

അണുബാധയ്ക്കെതിരെ കാലക്രമേണ വാക്സിനുകളുടെ ഫലപ്രാപ്തി കുറയുന്നതിനാലാണിത് എന്നാണ് എന്റെ വിശ്വാസം. ലാൻസെറ്റിൽ അടുത്തിടെ പ്രസിദ്ധീകരിച്ച ഒരു സ്വീഡിഷ് പഠനം സ്ഥിരീകരിക്കുന്നത്, മൂന്ന് പ്രധാന കോവിഡ് -19 വാക്സിനുകളുടെ (ഫൈസർ, മോഡേണ, ആസ്ട്ര സെനേക) ഫലപ്രാപ്തി ക്രമേണ കുറയുന്നു എന്നാണ്. മിക്ക വാക്സിനുകളുടെയും ഫലപ്രാപ്തി 4-6 മാസങ്ങൾ കൊണ്ട് നഷ്ടപ്പെടുന്നു.

അഞ്ചാം തരംഗം ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്ന യൂറോപ്യൻ രാജ്യങ്ങൾ (ഫിഗർ അഞ്ചിൽ മഞ്ഞ നിറത്തിൽ ഹൈലൈറ്റ് ചെയ്തിരിക്കുന്നവ) തുടക്കത്തിലേ ജനങ്ങൾക്ക് വാക്സിനേഷൻ ലഭ്യമാക്കിയവയാണ്. അതുകൊണ്ടു തന്നെ ജനസംഖ്യയിൽ ഭൂരിഭാഗത്തിനും വാക്സിൻ ഫലപ്രാപ്തി കുറഞ്ഞിരിക്കുന്നു.

*Figure 5: New Covid-19 Cases Per Million Vs Share of Population receiving Full Vaccination over past 4 months*




## ഈ പ്രതിസന്ധിക്ക് എന്താണ് പരിഹാരം?

മുമ്പ് ലേഖനത്തിൽ ചർച്ച ചെയ്തിരുന്നതു പോലെ, ഞാൻ വിശ്വസിക്കുന്നത് ബൂസ്റ്റർ ഡോസുകളാണ് പരിഹാരം എന്നാണ്. ബൂസ്റ്റർ ഡോസുകൾ ഫലപ്രദമാണെന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് ഇസ്രയേൽ.

വാക്സിനേഷൻ പൂർത്തിയാക്കിയ ആദ്യ രാജ്യമാണ് ഇസ്രായേൽ. അതുകൊണ്ടു തന്നെ വാക്സിനേഷന്റെ ഫലപ്രാപ്തി കുറയുന്നതിൽ ബുദ്ധിമുട്ടുന്ന ആദ്യ രാജ്യവും ഇസ്രായേലാണ്.

എന്നിരുന്നാലും ഇസ്രായേൽ അതിവേഗം മൂന്നാമത്തെ ബൂസ്റ്റർ ഡോസ് രാജ്യത്ത് പുറത്തിറക്കി. ഏകദേശം 9.2 ദശലക്ഷം ജനസംഖ്യയിൽ 5.7 ദശലക്ഷം ആളുകൾക്ക് രണ്ടു ഡോസ് വാക്സിനേഷൻ പൂർത്തിയാക്കുകയും 4 ദശലക്ഷം പേർക്ക് മൂന്നാമത്തെ ബൂസ്റ്റർ ഡോസും നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി പുതിയ കേസുകളുടെ എണ്ണം കുറഞ്ഞു. ഇസ്രായേലിൽ പുതുതായി രോഗം ബാധിച്ചവരിൽ ഭൂരിഭാഗവും 16 വയസ്സിന് താഴെയുള്ള കുട്ടികളാണ്. രാജ്യം ഇപ്പോൾ കുട്ടികൾക്ക് വാക്സിനേഷൻ നൽകുന്നതിനും മറ്റുള്ളവർക്ക് നാലാമത്തെ ബൂസ്റ്റർ ഡോസ് നൽകാനും തയാറെടുക്കുകയാണ്.

ഇന്ത്യ ഈ സംഭവവികാസങ്ങൾ ശ്രദ്ധിക്കുകയും കോവിഡ് 19 നെ തുടർന്ന് സ്വാഭാവിക പ്രതിരോധ ശേഷി കുറഞ്ഞു വരുമ്പോൾ സമീപഭാവിയിൽ തന്നെ ബൂസ്റ്റർ ഡോസ് നൽകാൻ തയാറെടുപ്പ് നടത്തുമെന്നുമാണ് എന്റെ വിശ്വാസം.

കേരളത്തെ സംബന്ധിച്ചിടത്തോളം ബൂസ്റ്റർ ഡോസുകൾ എടുക്കുന്നത് വളരെ ഗൗരവമായി പരിഗണിക്കേണ്ട കാര്യമാണ്. കാരണം ഇപ്പോഴും ഭൂരിഭാഗം ജനങ്ങളെയും വൈറസ് ബാധിച്ചിട്ടില്ല. വാക്സിനേഷൻ നൽകിയാണ് ജനങ്ങളെ സംരക്ഷിച്ചു നിർത്തിയിരിക്കുന്നത്. അതിന്റെ ഫലപ്രാപ്തി വേഗത്തിൽ ഇല്ലാതാകും. ■

*(ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com)*